ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നമ്പർ. ഇ2/11006/14/സിഇ/തസ്വഭവ. തീയതി : 20.11.2014

# സർക്കുലർ

വിഷയം:- കേരള നിയമസഭാ - ഹർജികൾ സംബന്ധിച്ച സമിതി (2011-14) 5-ാംമത് റിപ്പോർട്ട് ശുപാർശകൾ - തുടർ നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്

സൂചന:- ഹർജികൾ സംബന്ധിച്ച സമിതി (2011-14) 5-ാംമത് റിപ്പോർട്ട്

പ്രശ്ന പരിഹാരത്തിനായി കോടതി വ്യവഹാരത്തിലേക്ക് പോകുന്നതിനു മുമ്പ് സാധാരണക്കാർക്ക് ആശ്രയിക്കാവുന്ന ഏറ്റവും ചെലവ് കുറഞ്ഞ അവസരമാണ് സമിതിക്ക് പരാതി നൽകുക എന്നുള്ളത്. ഇത്തരത്തിൽ പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളിൻമേൽ അടിയന്തിരമായി തീർപ്പു കൽപ്പിക്കുന്നതിലേക്കായി സമിതി ജില്ലാ കേന്ദ്രങ്ങളിൽ വച്ച് ഹർജിക്കാരിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുമ്പോൾ പലപ്പോഴും ബന്ധപ്പെട്ട ജില്ലാതല മേധാവികൾക്ക് പകരം താഴെ തട്ടിലെ ഉദ്യോഗസ്ഥരെ നിയമിക്കുന്നത് തങ്ങളുടെ കൃത്യനിർവ്വഹണത്തോടുള്ള നിക്ഷേധവും സമിതിയോടുള്ള അവഹേളനവുമാണെന്ന് വിലയിരുത്തപ്പെടുന്നു. ഹർജി സംബന്ധിച്ചും തെളിവെടുപ്പ് സംബന്ധിച്ചുമുള്ള വിശദവിവരം ജില്ലാതല ഉദ്യോഗസ്ഥൻമാർക്ക് ലഭിക്കുന്നില്ല എന്ന ന്യൂനത സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹർജി വിഷയം സംബന്ധിച്ച് സമിതി ആവശ്യപ്പെടുന്ന അധിക വിവരങ്ങൾ വ്യകത്മായും ആധികാരികമായും നൽകാൻ പ്രസ്തുത ജില്ലാ ഉദ്യോഗസ്ഥർക്ക് കഴിയാതെ വരുന്നത് ഹർജിയിൻമേൽ അടിയന്തിരമായി പരിഹാരം കാണുവാനുള്ള അവസരം സമിതിയ്ക്ക് നഷ്ടപ്പെടുത്തുന്നതാണ്. ജില്ലാതല മേധാവി ഹാജരാകേണ്ട ജില്ലാതല തെളിവെടുപ്പ് യോഗങ്ങളിൽ താഴെ തട്ടിലുള്ള ഉദ്യോഗസ്ഥരെ നിയോഗിക്കുന്ന പ്രവണത ഒട്ടും ആശാസ്യകരമല്ല. ആകയാൽ സമിതിയുടെ ജില്ലാതല തെളിവെടുപ്പിൽ ബന്ധപ്പെട്ട വകുപ്പിന്റെ ജില്ലാതല മേധാവി തന്നെ നിർബന്ധമായും പങ്കെടുക്കേണ്ടതും സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ വ്യക്തമായും ആധികാരികമായും നൽകേണ്ടതുമാണ്. പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന ഹർജികൾ അതർഹിക്കുന്ന ഗൗരവത്തോടെ കാണേണ്ടതും നിയമസഭാ സമിതിയുടെ നിർദ്ദേശങ്ങളും ശുപാർശകളും കർശനമായി പാലിക്കേണ്ടതുമാണ്.

ചീഫ് എഞ്ചിനീയർ